ഈ വർഷത്തെ ബഡ്ജറ്റിൽ ഈ ആവശ്യത്തിനായി ധനസഹായം നൽകാൻ ടോക്കൺ തുകയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഹോൾട്ടിക്സ്, ഹാൻവീവ് എന്നിവയുടെ സർക്കാർ വായ്പ ഷെയറാക്കി മാറ്റുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്. ഹോൾട്ടിക്സിന്റെ സഞ്ചിതനഷ്ടം 2007-08-ലെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം 114.50 കോടി രൂപയാണ് ഹാൻവീവിന്റെ 31-3-2010-വരെയുള്ള (Provisional) സഞ്ചിത നഷ്ടം 40.53 കോടി രൂപയാണ്.

മാലിന്യ നിർമ്മാർജ്ജന പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

14 (*674) ശ്രീ. എ. എം. യൂസഫ് :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മാലിന്യ സ്രോതസ്സുകൾ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിന് ബോർഡ് നടപടി സ്വീകരിക്കാറുണ്ടോ ; കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) പെരിയാറിനെ മാലിന്യ വിമുക്തമാക്കുന്നതിനായി ആവിഷ്കരിച്ച പെരിയാർ റിവർ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) നദീജല ഗുണനിലവാര പരിശോധനയ്ക്കായി നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) പൊതു മാലിന്യ സംസ്ക്കരണത്തിനും നിർമ്മാർജ്ജനത്തിനുമായി നിലവിലുള്ള സംവിധാനങ്ങൾ താഴെപ്പറയുന്നവയാണ്. (1) ഇമേജ് പാലക്കാട് :- ഐ.എം.എ.യുടെ (ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ) ആഭിമുഖ്യത്തിൽ പാലക്കാട് പുതുശ്ശേരി പഞ്ചായത്തിലെ മാന്തുരുത്തിയിൽ ബയോമെഡിക്കൽ വേസ്റ്റ് സംസ്ക്കരണത്തിനും നിർമ്മാർജ്ജനത്തിനുമായി പ്രവർത്തിക്കുന്ന IMAGE (Indian Medical Association gocs ccofriendly) എന്ന പൊതു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(2) അമ്പലമേടുള്ള ഹോസ്പിറ്റൽ വേസ്റ്റ് പ്ലാന്റ് ഫിൽ സംവിധാനം വഴി അപകടകരമായ പാഴ് വസ്തുക്കളുടെ പൊതുസംഭരണ സംസ്ക്കരണ നിർമ്മാർജ്ജനം എറണാകുളം ജില്ലയിലെ അമ്പലമേട്ടിൽ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(3) ACCEPT എന്ന പേരിൽ ആറ്റിപ്പുഴയിലെ അരൂർ ചന്തിരൂർ മേഖലയിൽ ചെമ്മീൻ പീലിംഗ് ഷെഡുകൾക്കും മത്സ്യ സംസ്ക്കരണ യൂണിറ്റുകൾക്കുമായി ഒരു പൊതു മലിനജല സംസ്ക്കരണ പ്ലാന്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(4) ഏലൂർ മേഖലയിലുള്ള വിവിധ പെരുകിട വ്യവസായങ്ങളുടെ പാഴ്ജല ശുദ്ധീകരണത്തിനായി ഒരു പൊതു പാഴ്ജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(5) ഹൗസ് ബോട്ടുകൾക്കായി ഒരു പൊതു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കുമരകത്ത് പ്രവർത്തിച്ചുവരുന്നു.

(6) കോട്ടയം മെഡിക്കൽ കോളേജ് പരിസരത്ത് വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുള്ള പാഴ്ജല സംസ്ക്കരണത്തിനായി കുമാരനല്ലൂരിൽ പൊതു മലിനജല സംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

(7) ഗുരുവായൂർ ടൗൺഷിപ്പിൽ നിന്നുള്ള ഗാർഹിക-വാണിജ്യ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് സ്ഥാപനാനുമതി നൽകിയിട്ടുള്ള മലിനജല സംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

(8) ഇൻഡസ്ട്രിയൽ പാർക്കുകളിലും സ്പെഷ്യൽ ഇക്കണോമിക് സോണുകളിലും മറ്റും അവിടെയുള്ള വ്യവസായങ്ങൾക്കായി പൊതു സംസ്ക്കരണ പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നു.

(9) ഇലക്ട്രോണിക് മാലിന്യ സംസ്ക്കരണത്തിനായി ഒരു ഇ-വേസ്റ്റ് സംസ്ക്കരണ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്താൻ ബോർഡ് ആലോചിച്ചുവരുന്നു. ബയോ മെഡിക്കൽ മാലിന്യ സംസ്ക്കരണത്തിന് പാലക്കാടുള്ള പൊതു ബയോ മെഡിക്കൽ മാലിന്യ സംവിധാനത്തിനു പുറമേ മധ്യമേഖലയിൽ ഒരു പൊതു സംവിധാനം കൂടി ഏർപ്പെടുത്തുന്ന കാര്യവും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ആലോചിക്കുന്നുണ്ട്.

(10) കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ചെറു മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടികളെടുത്തുവരുന്നു.

(11) തിരുവനന്തപുരം, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്ക് ബോർഡ് സ്ഥാപനാനുമതി നൽകിയിട്ടുണ്ട്.

(ബി) ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽ 7-11-2007 രാത്രി ടാങ്കർ ലോറിയിൽ സെപ്റ്റിക് ടാങ്ക് മാലിന്യം കൊണ്ടൊഴുക്കിയതറിഞ്ഞതിനെത്തുടർന്ന് ബോർഡ് പോലീസ് അധികൃതരെ അറിയിക്കുകയും കുറ്റക്കാർക്കെതിരെ ജലമലിനീകരണ (നിവാരണ നിയന്ത്രണ) നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പെരിയാർ നദി ഒഴുകിവരുന്ന ഇടനാടും ഉൾനാടും ഉൾപ്പെട്ട ഗ്രാമപ്രദേശങ്ങളിൽ നിന്നുമുള്ള മലിനീകരണം കണ്ടെത്താനും നിയന്ത്രണ

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ കൈക്കൊള്ളാനുമായി സർക്കാർ നിർദ്ദേശപ്രകാരം ഒരു പഠനം തിരുവനന്തപുരത്തുള്ള സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡവലപ്മെന്റ്(CED) എന്ന സ്ഥാപനം വഴി സംസ്ഥാന പരിസ്ഥിതി മാനേജുമെന്റ് ഏജൻസി 2009-2010 വർഷം നടത്തുകയുണ്ടായി. സർക്കാർ/നബാർഡ് (RIDF) സഹായത്തോടെ പ്രസ്തുത പഠന നിർദ്ദേശങ്ങൾക്ക് നടപ്പുവർഷം തുടക്കമിടാൻ ഉദ്ദേശിക്കുന്നു. നദീ പരിപാലനത്തിനായി നടപ്പുവർഷത്തെ ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന നാഷണൽ ആമിയന്റ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് പദ്ധതിപ്രകാരം സംസ്ഥാനത്തെ 43 നദികളിൽ 64 സ്ഥലങ്ങളിൽ നിന്നും ജല സാമ്പിൾ ശേഖരിച്ച് ക്രമമായി ഗുണനിലവാരം പരിശോധിച്ചുവരുന്നു. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ബോർഡ് സ്റ്റേറ്റ് ആമിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗിന്റെ ഭാഗമായി 21 നദികളിലായി 119 മോണിട്ടറിംഗ് സ്റ്റേഷനുകൾ ഉൾപ്പെടുത്തി ജലഗുണനിലവാരം നിരീക്ഷിച്ചുവരുന്നു. കേന്ദ്ര സഹായത്തോടുകൂടി നടത്തുന്ന മോണിട്ടറിംഗ് പദ്ധതിയിൽ കൂടുതൽ മോണിട്ടറിംഗ് സ്റ്റേഷനുകൾ ഉൾപ്പെടുത്താനുള്ള നടപടികൾ ആലോചിച്ചുവരുന്നു.

കോസ്റ്റൽ ഷിപ്പിംഗ് നെറ്റ്വർക്ക് സ്ഥാപിക്കുന്നതിന് നടപടി

15 (*675) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. മുരളി :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തുറമുഖങ്ങളെ മഹാരാഷ്ട്ര, ഗുജറാത്ത് എന്നിവിടങ്ങളിലെ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്നതിനായി ഒരു കോസ്റ്റൽ ഷിപ്പിംഗ് നെറ്റ്വർക്ക് സ്ഥാപിക്കുന്നതിനായി സംയുക്ത സംരംഭത്തിലൂടെ ഒരു കമ്പനി രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) സംസ്ഥാന സർക്കാരിന് പുറമേ മറ്റ് ഏതൊക്കെ സംരംഭകരും, ഏജൻസികളുമാണ് ഈ കമ്പനികളുടെ രൂപീകരണവുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കമ്പനികൾ നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ, ഈ കമ്പനിയിൽ എത്ര ശതമാനം ഓഹരി പങ്കാളിത്തമാണ് സർക്കാരിനുള്ളത് ;

(ഡി) പ്രസ്തുത പ്രോജക്ടിനുവേണ്ടി ബാക്കി മൂലധന സമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly